(സി) വസ്തുവിന് ന്യായവില നടപ്പാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ 2-12-2003-ലെ 18513/ലെജ്.എ2/2003 നമ്പർ ഉത്തരവുപ്രകാരം മുദ്ര സല നിരക്ക് കുറവ് ചെയ്തിരുന്നു. എന്നാൽ ഭൂമിയുടെ ന്യായവില നടപ്പിൽ വരാത്തതിനാൽ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് നിരക്ക് പുനഃസ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി 2005-ലെ കേരള ഫൈനാൻസ് ബില്ലിൽ (258-ാം നമ്പർ ബിൽ) 1959-ലെ കേരള മുദ്രപത്രനിയമം (1959-ലെ 17-ാം നമ്പർ നിയമം) ഭേദഗതി ചെയ്യുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.

രജിസ്റ്റർ ചെയ്യപ്പെട്ട വിവാഹങ്ങൾ

160 [1878] ശ്രീ. ഡി. സുഗതൻ :

" എ. സുജനപാൽ :

" എം. കെ. പോൾസൺ മാസ്റ്റർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഇതുവരെ എത്ര രജിസ്റ്റർ വിവാഹങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഇതിൽ 18,19 വയസ്സ് ഗ്രൂപ്പിൽപ്പെടുന്നവർ എത്രപേരുണ്ട് ;

(സി) ആൺകുട്ടികളും പെൺകുട്ടികളും പ്രായപൂർത്തിയായാലുടനെ വിവാഹ കരാറിൽ ഒപ്പുവയ്ക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ടോ ;

(ഡി) കരാറനുസരിച്ചുള്ള രജിസ്റ്റർ വിവാഹങ്ങൾ നിയമം അനുശാസിക്കുന്ന പ്രകാരമുള്ളവയാണോ ; അല്ലെങ്കിൽ കരാറിൻപ്രകാരം വിവാഹം നടത്താൻ വരുന്നവരെ സ്പെഷ്യൽ മാര്യേജ് ആക്ട് അനുസരിച്ച് വിവാഹം ചെയ്യാൻ ഉപദേശിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 4467 വിവാഹങ്ങൾ നടന്നിട്ടുണ്ട്.

(ബി) 504 പേർ.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കരാറനുസരിച്ചുള്ള രജിസ്റ്റർ വിവാഹങ്ങൾക്ക് നിയമസാധുതയില്ല. ഇപ്രകാരം വിവാഹം നടത്താൻ വരുന്നവരെ ഇക്കാര്യം അറിയിക്കുന്നുണ്ട്. സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ നിന്നും രജിസ്റ്റർ ചെയ്യപ്പെടുന്ന വിവാഹത്തിന് മാത്രമേ നിയമസാധുതയുള്ളൂ എന്നും വ്യക്തമാക്കുന്ന നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നേരത്തേതന്നെ നല്കിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly